സുപ്രഭാതം

# കെ.ഇ.ഇ.സി ജില്ലാ യോഗവും യാത്രയയപ്പ് സമ്മേളനവും നടത്തി




കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജില്ലാ പ്രവർത്തന യോഗവും യാത്രയയപ്പ് സമ്മേളനവും യൂത്ത് കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡന്റ് ടോണി തോമസ് ഉദ്ഘാടനം ചെയ്യുന്നു

**പീരുമേട്** ▸ കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ (ഐ.എൻ.ടി.യു.സി) ജില്ലാ പ്രവർത്തന യോഗവും സർവിസിൽനിന്ന് വിരവിമിക്കുന്ന യൂനിയൻ ഭാരവാഹികൾക്ക് യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. പീരുമേട് കെ.എസ്.ഇ.ബി ഐ.ബിയിൽ നടന്ന പരിപാടി യൂത്ത് കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡന്റ് ടോണി തോമസ് ഉദ്ഘാടനം ചെയ്തു.

വൈദ്യുതി ബോർഡിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്ന കരാറുകളിലേർപ്പെട്ട് ബോർഡിനെ നഷ്ടത്തിലാക്കിയും അടിക്കടി വൈദ്യുതി ചാർജ് വർധിപ്പിച്ച് ഗുണഭോക്താക്കളുടെ മേൽ അമിതഭാരം അടിച്ചേൽപ്പിച്ച് ബോർഡിനെ ജനവിരുദ്ധമാക്കിയതിനും ശേഷം കെ.എസ്.ഇ.ബിയെ സ്വകാര്യ മേഖലയ്ക്ക് തീറെഴുതാനുള്ള ഗൂഢനീക്കം പിണറായി സർക്കാർ നടത്തുന്നതായി ടോണി തോമസ് ആരോപിച്ചു. ബോർഡ് ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന സർക്കാർ നിലപാട് പ്രതിഷേധാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

കെ.ഇ.ഇ.സി സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ ജോയിന്റ് സെക്രട്ടറി ലിജോ ജോർജ് അധ്യക്ഷനായി. 32 വർഷത്തെ സേവനത്തിന് ശേഷം സബ് എൻജിനീയറായി വിരമിച്ച യു.ഡി.ഇ.ഇ.എഫ് സംസ്ഥാന പ്രസിഡന്റ് കെ.പി സുനിൽകുമാറിനെയും 14 വർഷത്തെ സേവനത്തിന് ശേഷം ലൈൻമാൻ തസ്തികയിൽനിന്നു വിരമിച്ച യൂനിയൻ പീരുമേട് ഡിവിഷൻ വൈസ് പ്രസിഡന്റ് എം.പി സജിയെയും മെമന്റോ നൽകി ആദരിച്ചു. യൂനിയൻ നേതാക്കളായ എം.പി നസീർ, മുഹമ്മദ് ഷാനവാസ്, ജെയിംസ് സാം, ബോസ് മാത്യു സംസാരിച്ചു.

---

# കെ.ഇ.ഇ.സി യാത്രയയപ്പ് സമ്മേളനം

ഇടുക്കി: കേരള ഇലക്ട്രിസിറ്റി എംപ്ലോയിസ് കോൺഫെഡറേഷന്റെ ജില്ലാ പ്രവർത്തന യോഗവും സർവ്വിസിൽ നിന്ന് വിരവിമിക്കുന്ന യൂണിയൻ ഭാരവാഹികൾക്ക് സ്നേഹാദരവ് നൽകുന്നതിനായുള്ള യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. പിരുമേട് കെ.എസ്.ഇ.ബി ഐബിയിൽ നടന്ന ജില്ല പ്രവർത്തകയോഗവും യാത്രയയപ്പ് സമ്മേളനവും യുത്ത് കോൺഗ്രസ് ജില്ല വൈസ് പ്രസിഡന്റ് ടോണി തോമസ് ഉദ്ഘാടനം ചെയ്തു.

വൈദ്യുതി ബോർഡിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുന്ന കരാറുകളിലേർപ്പെട്ട് ബോർഡിനെ നഷ്ടത്തിലാക്കിയും അടിക്കടി വൈദ്യുതി ചാർജ് വർദ്ധിപ്പിച്ച് ഗുണഭോക്താക്കളുടെ മേൽ അമിതഭാരം അടിച്ചേൽപ്പിച്ച് ബോർഡിനെ ജനവിരുദ്ധമാക്കിയതിനും ശേഷം കെ.എസ്.ഇ.ബിയെ സ്വകാര്യ മേഖലക്ക് തീറെഴുതാനുള്ള ഗുഢ നീക്കം പിണറായി സർക്കാർ നടത്തുന്നതായി യോഗം കുറ്റപ്പെടുത്തി.

ബോർഡ് ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കുന്ന സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. കെ.ഇ.ഇ.സി സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ ജോയിന്റ് സെക്രട്ടറി ലിജോ ജോർജ് അദ്ധ്യക്ഷത വഹിച്ചു.

മുപ്പത്തിരണ്ട് വർഷത്തെ സേവനത്തിന് ശേഷം സബ്ബ് എഞ്ചിനിയറായി വിരമിച്ച യു.ഡി.ഇ.ഇ.എഫ് സംസ്ഥാന പ്രസിഡന്റുമായ കെ.പി സുനിൽ കുമാറിനെയും പതിനാല് വർഷത്തെ സേവനത്തിന് ശേഷം ലൈൻമാൻ തസ്തികയിൽ നിന്നും വിരമിച്ച യുണിയൻ പീരുമേട് ഡിവിഷൻ വൈസ് പ്രസിഡന്റുമായ എം.പി സജിയെയും മൊമന്റോ നൽകി ആദരിച്ചു.

യൂണിയൻ നേതാക്കളായ നസീർ എം.പി, മുഹമ്മദ് ഷാനവാസ്, ജെയിംസ് സാം, ബോസ് മാത്യു എന്നിവർ പ്രസംഗിച്ചു.



കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജില്ല പ്രവർത്തനയോഗവും യാത്രയയപ്പ് സമ്മേളനവുംയുത്ത് കോൺഗ്രസ് ജില്ലാ വൈസ് പ്രസിഡൻറ് ടോണി തോമസ് ഉദ്ഘാടനം ചെയ്യുന്നു